(ബി, സി) സാമ്പത്തിക ലഭ്യത അനുസരിച്ച് ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നയം. തദ്ദേശ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ ഇതു പരിശോധിക്കുന്നതാണ്. പുതിയതായി ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ ജീവനക്കാരുടെ ശമ്പളം, മരുന്നുകൾ എന്നിവ പദ്ധതി വിഹിതത്തിൽ നിന്നും, സ്ഥലം, കെട്ടിടം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുമാണ് ലഭ്യമാക്കേണ്ടത്.

പുതിയതായി അനുവദിക്കുന്ന ആയുർവേദ ഡിസ്പെൻസറികളിൽ മെഡിക്കലാഫീസർ, ഫാർമസിസ്റ്റ്, അറ്റന്റർ, പാർടൈം സ്വീപ്പർ എന്നിവയിൽ ഓരോ തസ്തിക വീതമാണ് സൃഷ്ടിക്കുന്നത്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലാബ് ടെക്നീഷ്യനെ സസ്പെന്റ്ചെയ്ത നടപടി

**152(1640)**ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലാബ് ടെക്നീഷ്യൻ ശ്രീ. എൻ. വിജയനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് സസ്പെന്റ് ചെയ്തത് എന്നറിയിക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർവീസ് ചട്ടങ്ങളിലെ ഏത് വകുപ്പ് അനുസരിച്ചാണ് വിജയനെ സസ്പെന്റ് ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(സി) എത്രമണിക്കൂർ കസ്റ്റഡിയിൽ കഴിഞ്ഞാൽ ആണ് ഒരു ജീവനക്കാരനെ സസ്പെന്റ് ചെയ്യാവുന്നത് എന്നറിയിക്കുമോ;

(ഡി) വിജയൻ എത്ര മണിക്കൂർ പോലീസ് കസ്റ്റഡിയിൽ കഴിഞ്ഞു എന്നാണ് എഫ്.ഐ.ആർ.ൽ രേഖപ്പെടുത്തിയിട്ടുള്ളത്; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) വിജയനെ സസ്പെന്റ് ചെയ്തത് അന്യായമാണെന്നും സർവീസിൽ തിരിച്ചെടുക്കണമെന്നും ഉള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്നറിയിക്കുമോ;

(എഫ്) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ജി) ക്രമവിരുദ്ധമായാണ് വിജയനെ സസ്പെന്റ് ചെയ്തതെങ്കിൽ അടിയന്തിരമായി സർവീസിൽ തിരിച്ചെടുക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 5.1.2000 മുതലാണ് സസ്പെന്റ് ചെയിതിരിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കെ.സി.എസ്. (സി.സി.എ) റൂൾസിലെ റൂൾ 10(3) പ്രകാരമാണ് സസ്പെന്റ് ചെയ്തത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 48 മണിക്കൂറിൽ കൂടുതൽ പോലീസ് കസ്റ്റഡിയിൽ വച്ചിരിക്കുന്ന ജീവനക്കാരനെ പ്രസ്തുത റൂൾ പ്രകാരം സസ്പെന്റ് ചെയ്യാവുന്നതാണ്.

(ഡി) തിരുവനന്തപുരം പോലീസ് കമ്മീഷണറുടെ 16.12.'99-ലെ കത്തിൽ ശ്രീ. വിജയനെ ക്രിമിനൽ കേസിൽ അറസ്റ്റുചെയ്യുകയും കോടതി റിമാന്റ് ചെയ്യുകയും ചെയ്തു എന്ന് അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിജയനെ സസ്പെന്റ് ചെയ്യുകയാണുണ്ടായത്. എഫ്.ഐ. ആറിന്റെ പകർപ്പ് ലഭിച്ചിരുന്നില്ല.

(ഇ)-(ജി) സർവീസിൽ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. വിജയന്റെ പരാതി 14.1.2000-ൽ ലഭിച്ചു. പ്രസ്തുത പരാതി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വരുത്തി പരിശോധിച്ചു വരികയാണ്.

## ബ്ലഡ് കംപോണന്റ് സെപ്പറേഷൻ

153(1641)ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് എന്നു മുതൽ പ്രവർത്തനസജ്ജമാകും;

(ബി) ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുവാൻ വേണ്ട സ്ഥലസൗകര്യങ്ങൾ ലഭ്യമായിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങളും ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യയിൽ നിന്ന് ലൈസൻസും ലഭിച്ചുകഴിഞ്ഞാൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനസജ്ജമാകും.

## കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും നൂല് കാണാതായ സംഭവം

154(1642)ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും നൂല് കാണാതായ സംഭവുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയായോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണത്തിൽ ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) കുറ്റക്കാരെന്ന് കണ്ടെത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly